**സമഗ്ര ശിക്ഷ കേരളം**
**അർദ്ധ വാർഷിക മൂല്യനിർണയം 2018 19**
**മലയാളം അടിസ്ഥാന പാഠാവലി**

**നിർദ്ദേശങ്ങൾ**

- മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ് ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാൻ ഉള്ളതാണ് ആണ്
- താഴെ കൊടുത്തിട്ടുള്ള ഉള്ള പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി

---

**പ്രവർത്തനം 1**

**കവിത വായിച്ച് ശരിയുത്തരം ബ്രാക്കറ്റിൽ നിന്നും കണ്ടെത്തി എഴുതുക**

തെച്ചിയും റോസയും തുമ്പയും പൂവിട്ടു
ചെമ്പരത്തിപ്പൂ ചിരിച്ചു നിന്നു
പിച്ചിയും മുല്ലയും ചേമന്തിയും പൂത്തു
പൂമണം തൂകി കുണുങ്ങി നിന്നു
ഞാനും വരട്ടെയെന്നോതി നിശാഗന്ധി
തൂവെള്ള ചാർത്തി വിടർന്നു നിന്നു
മഞ്ഞയും നീലയും ചുറ്റിയ കോളാമ്പി
വേലിക്കരികിലായി കാത്തുനിന്നു
പൂന്തേൻ കുടിച്ചു കുടിച്ചു പൂമ്പാറ്റകൾ
പൂക്കാലമായെന്ന് മൂളുന്നു വണ്ടുകൾ

(എ) പൂമണം തൂകി നിന്നത് ആരൊക്കെ?

(പിച്ചിയും മുല്ലയും ചേമന്തിയും, പൂമ്പാറ്റയും തെച്ചിയും, റോസയും തുമ്പയും )

(ബി) നിശാഗന്ധിയുടെ പ്രത്യേകതയായി ആയി കവിതയിൽ പറയുന്നത്
(അത് പൂന്തേൻ കുടിക്കുന്നു, തൂവെള്ള ചാർത്തി നിൽക്കുന്നു, മദിച്ചു നിൽക്കുന്നു)

(സി) ആരാണ് വേലിക്കരികിൽ കാത്തുനിന്നത്
(ചെമ്പരത്തി, കോളാമ്പി, വണ്ടുകൾ)

(ഡി) വണ്ടുകൾഎന്താണ് മൂളുന്നത്
(പൂക്കാലമായെന്ന് , പൂന്തേൻ മധുരം ഉണ്ടെന്ന്, പൂവ്വിരിയാത്തദുഃഖം )

(ഇ) കോളാമ്പി പൂക്കളുടെ നിറം എന്ത്?
( മഞ്ഞയും നീലയും, ഇളവെള്ള, ചുവപ്പ്)

## പ്രവർത്തനം 2 അഭിമുഖചോദ്യാവലി

നിങ്ങളുടെ വിദ്യാലയത്തിലെ ലൈബ്രറിയുടെ ഉദ്ഘാടനത്തിന് പ്രശസ്ത കവി അക്കിത്തംഎത്തിച്ചേരുമെന്ന് അറിയിച്ചിട്ടുണ്ട് അദ്ദേഹത്തിൻറെ മരണമില്ലാത്ത മനുഷ്യൻ എന്ന കവിത നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ അദ്ദേഹവുമായി ഒരു അഭിമുഖം നടത്താൻ നിങ്ങൾക്ക് അവസരം ലഭിച്ചാൽ എന്തൊക്കെയാവും ചോദിക്കുക ? അഞ്ചിൽ കുറയാത്ത ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് ഒരു അഭിമുഖ ചോദ്യാവലി തയ്യാറാക്കുക

## പ്രവർത്തനം 3 ലഘു കുറിപ്പ്

മരിച്ചിട്ടില്ലാ, മരി-
ക്കുകയുമില്ലൊരില്ക്കലും
മലയാളി തൻ ഹൃദ-
യത്തിലാ ധീരപ്രജ്ഞൻ

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെ കുട്ടിരാമൻ രാമൻ മേനോൻ മാസ്റ്റർ വിശേഷിപ്പിച്ച ച്ച വരികളാണിവ. മരണമില്ലാത്ത മനുഷ്യൻ എന്ന കവിതയിലെ ആശയത്തെ മുൻനിർത്തി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

## പ്രവർത്തനം 4  ആസ്വാദനക്കുറിപ്പ്

കിണറും കുളവും തോട്ടും
പുഴയും നല്ല പൊയ്കയും
പെരുതാം കായലും കുറ്റൻ
കടലും വെള്ളമല്ലയോ ?

ജലമില്ലാത്ത ദിക്കാർന്നാൽ
വലയും നമ്മളൊക്കെയും
പല നന്മകൾ ചേർന്നാലും
ഫലമില്ലാതെ തീർന്നിടും
(പന്തളം കേരളവർമ്മ )

കവിതയുടെ ആശയം  ഇഷ്ടപ്പെട്ട വരികൾ സവിശേഷ പ്രയോഗങ്ങൾ സ്വന്തം നിരീക്ഷണം ഇവ ഉൾപ്പെടുത്തി ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കു

## പ്രവർത്തനം 5 ഉപന്യാസം

- ഒരു ജാതി മതി ഒരു മതം ഒരു ദൈവം മനുഷ്യന്
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി

ശ്രീനാരായണ ഗുരുവിൻറെ സന്ദേശങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. മറ്റുള്ളവർക്ക് നന്മ ചെയ്യണമെന്നും എല്ലാവരെയും ഒരുപോലെ കാണണം എന്നുമാണ് അദ്ദേഹം ഉപദേശിച്ചിട്ടുള്ളത്. കേരളത്തിൽ കഴിഞ്ഞ പ്രളയ കാലത്ത് അത് നാം പരസ്പരം സഹായിച്ചതുകൊണ്ടാണല്ലോ ദുരന്ത ത്തിൻറെ ഭീകരത ഇത്രയും കുറയ്ക്കാൻ ആയത്.  ഈ അനുഭവത്തിന്റെ കൂടി അടിസ്ഥാനത്തിൽ ഗുരുവിൻറെ സന്ദേശങ്ങൾക്കുള്ള പ്രാധാന്യത്തെപ്പറ്റി ഒരു ഉപന്യാസം തയ്യാറാക്കുക

## പ്രവർത്തനം 6 ജീവചരിത്രക്കുറിപ്പ്




നിങ്ങൾക്ക് അറിയാവുന്ന വിവരങ്ങൾ കൂട്ടിച്ചേർത്ത് ഒളപ്പമണ്ണയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക

*Compiled by educationobserver.com*